പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 898 05.03.2018-ൽ മറുപടിക്ക്

## കായിക്കര കടവിലെ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.ബി. സത്യൻ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) വക്കം-അഞ്ചുതെങ്ങ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര കടവിലെ പാലം നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പിൽ കായിക്കര പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി). പാലം നിർമ്മാണ ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൊതുമരാമത്ത് വകുപ്പിന് എന്നാണ് കൈമാറിയത്; | (ബി). ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ടി വർക്കിന്റെ പ്രാരംഭ പ്രൊപ്പോസൽ മാത്രമാണ് നടത്തിയിട്ടുള്ളത്. 2017-18 ലെ ബഡ്ജറ്റ് സ്പീച്ചിൽ വന്ന ടി വർക്കിന്റെ തുടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തണമെന്ന് 2017 ആഗസ്റ്റിൽ നടന്ന ജില്ലാ വികസന സമിതിയിൽ ഇരു വകുപ്പുകളുടേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുകയായിരുന്നു. |
| (സി) ഇതോടൊപ്പം എന്തെല്ലാം രേഖകളാണ് കൈമാറിയത്; പാലം നിർമ്മാണത്തിന്റെ ഏതു ഘട്ടം മുതലാണ് പൊതുമരാമത്ത് വകുപ്പ് ചുമതല ഏറ്റെടുത്തത്; | (സി) രേഖകളൊന്നും കൈമാറിയിട്ടില്ല. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്നു. |
| (ഡി) ഏതെല്ലാം പ്രവർത്തനങ്ങളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തീകരിച്ച് നൽകിയതെന്ന് വ്യക്തമാക്കുമോ? | (ഡി) ഇതിനോടനുബന്ധിച്ച് ഒരു പ്രവൃത്തിയും പൂർത്തീകരിച്ച് നൽകിയിട്ടില്ല. |

S. Bindu

സെക്ഷൻ ഓഫീസർ